**DIOCESE OF MANDYA**

# ജൂബിലിവർഷ പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലൂടെ അങ്ങ് ഞങ്ങൾക്ക് നൽകിയ വിശ്വാസത്താലും, പരിശുദ്ധാത്മാവിനാൽ ഞങ്ങളുടെ ഹൃദയങ്ങളിൽ തെളിയിച്ച സ്നേഹജ്വാലയാലും, അങ്ങയുടെ രാജ്യത്തെക്കുറിച്ചുള്ള പ്രത്യാശയാലും ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കണമേ. സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കുവാൻ അവിശ്രമം അധ്വാനിക്കുന്ന കൂട്ടുവേലക്കാരാകുവാൻ അങ്ങയുടെ അനുഗ്രഹം ഞങ്ങളെ രൂപാന്തരപ്പെടുത്തട്ടെ. തിന്മയുടെ ശക്തികളെ മനുഷ്യവർഗ്ഗം മുഴുവനിൽ നിന്നും തുടച്ചുമാറ്റി അങ്ങയുടെ മഹത്വം പ്രകാശിക്കുന്ന പുതിയ ആകാശത്തേയും പുതിയ ഭൂമിയേയും മാത്രം പ്രതീക്ഷിച്ചിരിക്കുന്ന വത്സലമക്കളിൽ സുവിശേഷത്തിന്റെ നവചൈതന്യം നിറയ്ക്കണമേ.

ഈ ജൂബിലിയുടെ കൃപയിൽ പ്രത്യാശയുടെ തീർത്ഥാടകരായ ഞങ്ങളെ സ്വർഗ്ഗരാജ്യത്തിന്റെ അനന്ത നിക്ഷേപങ്ങൾ തേടുന്നവരാകുവാൻ അനുഗ്രഹിക്കണമേ. നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ സന്തോഷവും സമാധാനവും ലോകം മുഴുവൻ വ്യാപിക്കുന്നതിനും ഇടയാക്കണമേ.

അനുഗ്രഹദായകനായ ദൈവമേ, അങ്ങേയ്ക്ക് സ്തുതിയും പുകഴ്ച്ചയും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

ആമ്മേൻ.